(ബി) പ്രസ്തുത ശിപാർശയനുസരിച്ച് എത്രപേർക്കാണ് ഇതുവരെ പട്ടയം നൽകി കഴിഞ്ഞത് ;

(സി) ഇനി എത്രപേർക്കാണ് അതിൽ പട്ടയം നൽകാനുള്ളത് ;

(ഡി) അവർക്ക് പട്ടയം നൽകാതിരിക്കാൻ കാരണമെന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 505 പേർക്ക് പട്ടയം/കൈവശരേഖ നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) 54 പേർക്ക് പട്ടയവും 40 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്.

(സി) 411 പേർക്ക്.

(ഡി) 15 പേർക്ക് അസൈൻമെന്റ് ഓർഡർ ആയിട്ടുണ്ട്. കക്ഷികൾ തുക അടയ്ക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. 76 കേസുകൾ അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ബാക്കിയുള്ളവയിൽ 183 കേസുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവാദപത്രിക ലഭിക്കുന്ന മുറയ്ക്കും 137 കേസുകളിൽ സ്ഥലപരിശോധന നടത്തിയും താളൂ കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തിയും എത്രയും വേഗം പട്ടയം നൽകുന്നതാണ്.

കള്ളമല വില്ലേജിൽ 1966-നുശേഷം ഭൂനികുതി പിരിച്ചെടുത്ത നടപടി

77 (258) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കള്ളമല വില്ലേജിൽ 1966-നുശേഷം ഭൂനികുതി പിരിക്കാതിരുന്ന എത്ര കൃഷിക്കാരുടെ നികുതി പുതുതായി പിരിച്ചെടുത്തിട്ടുണ്ട്;

(ബി) അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 5-5-2005-ലെ സർക്കാർ ഉത്തരവ് (സാ) നമ്പർ 2642/05/റവന്യൂ അനുസരിച്ച് കള്ളമല വില്ലേജിലെ 170 പേരിൽ നിന്നും പുതുതായി നികുതി സ്വീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly